4 മേയ്. 2022
മാതൃഭൂമി

# വൈദ്യുതി ലാഭിക്കാം: സംസ്ഥാനത്ത് ഊർജ കാര്യക്ഷമതാ കർമപദ്ധതി നടപ്പാക്കുന്നു

## ഏകോപനച്ചുമതല എനർജി മാനേജ്മെന്റ് സെന്ററിന്

**സ്വന്തം ലേഖകൻ**
പാലക്കാട്

▶ വൈദ്യുതിക്ഷാമത്തിന് പരിഹാരമായി, ലഭ്യമായ വൈദ്യുതിയുടെ കാര്യക്ഷമമായ ഉപയോഗം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഊർജ കാര്യക്ഷമതാ കർമപദ്ധതി (എസ്.ഇ.ഇ.എ.പി.) നടപ്പാക്കുന്നു. ഉപഭോക്താക്കളെ വിവിധ വിഭാഗങ്ങളായി തിരിച്ച് ഓരോ മേഖലയിലും ആവശ്യമായ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ചു.

വൈദ്യുതി ഏറ്റവുംകൂടുതലായി ഉപയോഗിക്കുന്ന മേഖലകൾ പ്രത്യേകമായി കണ്ടെത്തി ഇതുവഴി ഉപഭോഗകാര്യക്ഷമത ഉറപ്പാക്കുമെന്ന് ഊർജവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ് വ്യക്തമാക്കി.

സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ വൈദ്യുതി ചോർച്ച അടക്കമുള്ള വിതരണരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കും. ഊർജ ഉപഭോഗത്തിൽ ഓരോരുത്തരും പാലിക്കേണ്ട മിതത്വം സംബന്ധിച്ച് പരിശീലനം നൽകുന്നതോടൊപ്പം അത് പാലിക്കുന്നുണ്ടോ എന്നതുസംബന്ധിച്ച നിരീക്ഷണവും തുടർ നിർദേശങ്ങളും ഉണ്ടാവും.

സംസ്ഥാനത്ത് നിലവിൽ ആവശ്യാനുസരണം വൈദ്യുതി ലഭ്യമാണെങ്കിലും ഉപയോഗരീതിയിലെ പോരായ്മകളും തടസ്സങ്ങളുമാണ് ക്ഷാമത്തിന് കാരണമെന്ന് ഊർജവകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു.

വൈദ്യുതിസൗഹൃദ ശീലങ്ങൾ പരമാവധി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനാണ് ഊർജ കാര്യക്ഷമതാ കർമപദ്ധതി വഴിയൊരുക്കുകയെന്ന് എനർജി മാനേജ്മെന്റ് സെന്റർ അധികൃതർ പറയുന്നു.

പഴയതും കാലപ്പഴക്കം ചെന്നതുമായ ഫാനുകൾ അടക്കമുള്ള വൈദ്യുതി ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുക, മുറികളുടെ വലുപ്പം അനുസരിച്ച് എൽ.ഇ.ഡി. ബൾബുകളുടെ എണ്ണം ക്രമീകരിക്കുക, മുറികൾ പെയിന്റ് ചെയ്യുമ്പോൾ ഇളംനിറങ്ങൾ മാത്രം ഉപയോഗിക്കുക തുടങ്ങിയ ലളിതമായ പ്രവർത്തനങ്ങൾക്ക് ഉപഭോക്താക്കളെ സജ്ജരാക്കും.